ENTERTAINME

ക്ലന്റിന്റെ റെക്കോർഡ് ഇനി സിംഗിതം റാവുവിന്

ക്ലിന്റ്ഈസ്റ്റ്

സിംഗിതംശ്രീനിവാസ റാവു

ഹോളിവുഡിലെ പ്രശസ്തനായ സംവിധായകനും നടനുമായ ക്ലിന്റ്ഈസ്റ്റ്ഡ്കൈവശംവച്ചിരുന്ന ഹോറർ ചിത്രത്തിന്റെ ഒരു ചിത്രകാരൻ സിംഗിതം ശ്രീനിവാസറാവു. തന്റെ 61-ാം സിനിമയായ 'സിംഗിതം' 94-ാം വയസിൽ സിംഗിതം ശ്രീനിവാസറാവു സംവിധാനം ചെയ്തു. ക്ലിന്റ് ഈസ്റ്റഡ് തന്റെ അവസാന സിനിമയായ 'ജൂറർ നമ്പർ '93-ാം വയസിൽ ചിത്രീകരിച്ചെങ്കിലും റിലീസ് ചെയ്തത് 94-ാം വയസിലായിരുന്നു. ഇതോടെ ലോകത്തിലെഏറ്റവും പ്രായംകൂടിയ സംവിധായകനായിസിംഗിതം ശ്രീനിവാസറാവുമാറി.

ആന്ധ്രപ്രദേശിലെഗുഡ്ലൂരിൽജനിച്ചസിംഗിതം ശ്രീനിവാസറാവു തെലുങ്ക്, കന്നട, തമിഴ്, ഹിന്ദി ചിത്രങ്ങൾസംവിധാനം ചെയ്തിട്ടുണ്ട്. സിംഗിതം ശ്രീനിവാസ റാവുവിന്റെ സംവിധാനത്തിൽ കമൽഹാസൻ നായകനായിഅഭിനയിച്ച 'പുഷ്പകവിമാനം' സംഭാഷണമില്ലാത്ത കോമഡി സിനിമയായി ലോകമെമ്പാടും ശ്രദ്ധ നേടി.

ചോരക്കളിയുടെ പേടിപ്പടം

ഒ.ടി.ടിയിലേക്ക്

സൈക്കോളജിൽഹൊറർ ചിത്രം 'ഒബ്സഷൻ' ജൂൺ 25 മുതൽ ആമസോണ പ്രൈം വീഡിയോയിൽ സ്ട്രീമിംഗ് ആരംഭിക്കും.

അധികം ആർക്കും അറിയാത്ത അഭിനേതാക്കളുമായികറിബാർക്കർ സംവിധാനം ചെയ്ത ചിത്രം ലോകമെമ്പാടുള്ള തിയേറ്ററുകളിൽ നിന്ന് 224.7 മില്യൺഡോളറിലധികം (2143 കോടി) കളക്ഷൻ നേടി. ചിത്രത്തിന്റെ ബഡ്ജറ്റ് വെറും 7,50,000 ഡോളർമാത്രം (ഏകദേശം 6.3 കോടിരൂപ). വിതരണക്കാരായ 'ഫോക്കസ്ഫീച്ചേഴ്സ്' എന്ന പ്രശസ്ത ഹോളിവുഡ് സ്റ്റുഡിയോയുടെ സ്ലിങ്ഷോട്ട് ആഗോളതലത്തിൽ ഏറ്റവും കൂടുതൽ കളക്ഷൻ നേടുന്ന ഏക്കാലത്തെയും വലിയ ഹിറ്റ് ചിത്രമായി ഒബ്സഷൻ മാറി.

വിജയ്യുടെ പിറന്നാൾ സമ്മാനം 'ജില്ല'

വിജയ്യും മോഹൻലാലും ആദ്യമായി ഒന്നിച്ച 'ജില്ല' റിലീസിന്. ജൂൺ 19ന് ജില്ല വിണ്ടും തിയേറ്ററുകളിൽ എത്തും. ജൂൺ 22ന് വിജയ്യുടെ പിറന്നാൾ ആണ്. തമിഴ്നാട് മുഖ്യമന്ത്രിയായി വിജയ് അധികാരം ഏറ്റെടുത്ത ശേഷം ആദ്യമായാണ് വിജയ് ചിത്രം റിലീസ് ചെയ്യുന്നത്. ജന്മദിനാഘോഷങ്ങളുടെഭാഗമായാണ്റിറിലീസ്ചെയ്യുന്നതെന്നാണ് വിവരം. 2014 ൽ പുറത്തിറങ്ങിയ മാസ് ആക്ഷൻ ചിത്രമായ ജില്ല ആർ.ടി നേസൻ സംവിധാനം ചെയ്തു. കാജൽ അഗർവാൾ, നിവേദ തോമസ്, പൂർണിമ ഭാഗ്യരാജ് തുടങ്ങിയവരാണ് മറ്റു പ്രധാന താരങ്ങൾ.

സാറാജോസഫിന് കൈരളി കലാസമിതി അവാർഡ്

തിരുവനന്തപുരം: ബംഗളൂരുവിലെ കൈരളി കലാസമിതി സാഹിത്യപുരസ്കാരം സാറാ ജോസഫിന്. ലക്ഷം രൂപയും പ്രശസ്തി പത്രവും ആർട്ടിസ്റ്റ് ഷെഫീഖ് രൂപകല്പന ചെയ്ത ശില്പവുമാണ് അവാർഡ്. ഇലയിൽ 12ന് കൈരളി നിലയം ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന സാഹിത്യോത്സവം പരിപാടിയിൽ പുരസ്കാരം സമർപ്പിക്കും.

നാവികസേനയ്ക്ക് ജി.പി.എസ് ജാമറിന് 449 കോടി

തിരുവനന്തപുരം: നാവികസേനയ്ക്ക്ഇന്ത്യനിർമ്മിതജി.പി.എസ് ജാമർ വാങ്ങാൻ 449 കോടിയുടെ കരാറിൽ ഒപ്പിട്ടു. രാജ്യത്ത് ആദ്യമാണിത്. ഡൽഹിയിൽ നടന്ന ചടങ്ങിൽ പ്രതിരോധ സെക്രട്ടറി ആർ.കെ. സിംഗ് സന്നിഹിതനായി. ബംഗളൂരുവിലെ ഐ.ടി കമ്പനിയായ അക്കോർഡ് സോഫ്റ്റ്‌വെയർ ആൻഡ് സിസ്റ്റംസുമായാണ് കരാർ. ആത്മനിർഭരത് ഭാരത് പദ്ധതിയുടെവിജയമാണിതെന്ന്ആർ. കെ.സിംഗ്പറഞ്ഞു. 20 എൻഹാൻസ്ഡ് കഴാസിറ്റി ഗ്ലോബൽ നാവിഗേഷൻ സാറ്റലൈറ്റ് സിസ്റ്റം ജാമറാണിത്. ശത്രുസേനകളുടെ ജി.പി.എൻ.എസ്.എസ് റിസീവറിന്റെ ഉപഗ്രഹസിഗനൽപിടിച്ചെടുക്കാനും ഴിതെറ്റിക്കുന്നസിഗനൽസ്പൂഫിംഗ് നടത്താനും ജാമറുകൾക്ക്കഴിയും.

അനൂപ് വി. നായർ സ്റ്റേറ്റ് അറ്റോർണി

തിരുവനന്തപുരം : ഹൈക്കോടതിയിൽ സ്റ്റേറ്റ് അറ്റോർണിയായി അഡ്വ. അനൂപ് വി. നായരെ മിക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. സ്പെഷ്യൽ ഗവ. പ്ലീഡർ, സീനിയർ ഗവ. പ്ലീഡർ, ഗവ. പ്ലീഡർ എന്നീതസ്തികകളിലായി 40 ഓളം പുതിയ നിയമനങ്ങൾക്കും മന്ത്രിസഭ തീരുമാനം നൽകിയതായിമുഖ്യമന്ത്രി വി.ഡി.സതീശൻ അറിയിച്ചു.

എൻ.വി. പ്രസാദ്, യൂസഫ്കഞ്ഞ്

ഫോറസ്റ്റ് മിനിസ്റ്റീരിയൽ സ്റ്റാഫ് യൂണിയൻ

കൊച്ചി: കേരള ഫോറസ്റ്റ് മിനിസ്റ്റീരിയൽ സ്റ്റാഫ് യൂണിയൻ (കെ.എഫ്.എം.എസ്.യു) സംസ്ഥാന ഭാരവാഹികളെതിരഞ്ഞെടുത്തു. എൻ. വി.പ്രസാദ്(തൃശ്ശൂർ,പ്രസിഡന്റ്), യു. എസ്.യൂസഫ്കഞ്ഞ് ഇടുക്കി (ജനറൽ സെക്രട്ടറി), ടി.ജി. വിൻസ് ഇടുക്കി, സിനീഷ്പോൾ എറണാകുളം, സജിഷ് കുമാർ വയനാട് (വൈസ് പ്രസിഡന്റുമാർ), ഷൈനാപുതിയിടത്ത്, ജ്ഞാബിൾ ജോസഫ് ഇടുക്കി, എസ്.ജോൺതൃശ്ശൂർ, അനിസൂറഹമാൻ മലപ്പുറം (സെക്രട്ടറിമാർ), കെ.എസ്. അജിലാഷ് പാലക്കാട് (ട്രഷറർ) എന്നിവരാണ്ജനറൽ ഭാരവാഹികൾ.

'അർജുൻ എന്റെമകൻ' പുസ്തകപ്രകാശനം 13ന്

കോഴിക്കോട്: കർണാടക ഷിമുരിൽ മണ്ണിടിച്ചിലിൽ ജീവൻ പൊലിഞ്ഞ അർജ്ജുൻ്റെ ജീവിതം പുസ്തകമാക്കുന്നു.പ്രമുഖ ദൃശ്യനിവാരണ വിദഗ്ധൻ മുരളി ഇമ്മാനുഷികരിയുടെ അവതാരികയോടെഅർജ്ജുന്റെ അമ്മഷിലക്കുവേച്ചാലിൽഎഴുതിയ 'അർജ്ജുൻ എന്റെമകൻ' പുസ്തകം 13ന്വൈകി ട്ട്എഴുത്തുകാരൻഎം.മുകുന്ദൻപ്രകാശനം ചെയ്യും. 2024 ജൂലായ്16നാണ്ഗംഗാവലിപുഴയിലെ കത്തന്താഴ്ക്കിലേക്ക് ടക്കരയായി അർജ്ജുൻ (32) പതിക്കുന്നത്. 72 ദിവസം രക്ഷാപ്രവർത്തനം നടന്നു. കോഴിക്കോട് കണ്ണാടിക്കലിലുള്ള സി.കഞ്ഞിക്കാട്ടിസ്റ്റാരകഹാളിലാണ്പ്രകാശനം.

ശബരിമല സ്വർണക്കൊള്ള

തട്ടിയെടുത്ത ശേഷം കുറഞ്ഞ അളവിൽ സ്വർണം പൂശി

തിരുവനന്തപുരം: ശബരിമലയിലെ ദ്വാരപാലക പാളിയിൽ നിന്നും കട്ടിളപ്പാളിയിൽ നിന്നും സ്വർണം തട്ടിയെടുത്ത ശേഷം കുറഞ്ഞ അളവിൽ സ്വർണം പൂശിതിരിച്ചെത്തിച്ചെന്ന്കണ്ടെത്തൽ. ആദ്യം പൂശിയതുരിഭാഗം സ്വർണവും കൊള്ളയടിക്കപ്പെട്ടു.

ശാസ്ത്രീയ പരിശോധന നടത്തിയ ജംഷഡ്പൂരിലെ നാഷണൽ മെറ്റലർജിക്കൽ ലബോറട്ടറിയിൽ നിന്നാണ് ഇക്കാര്യം പ്രത്യേക അന്വേഷണസംഘത്തെ അറിയിച്ചത്.

1998ൽ യു.ബി ഗ്രൂപ്പ് ചെയർമാൻ വിജയ് മല്യ ശബരിമലശ്രീകോവിലിനോടുചേർന്ന ദ്വാരപാലക ശിൽപങ്ങളും സ്വർണം പൂശി. നിറം മങ്ങിയപ്പോഴാണ് 2019ൽ വീണ്ടും സ്വർണം പൂശാനായി ഉണ്ണികൃഷ്ണൻപോറ്റിയെ ഏൽപിച്ചത്. ദ്വാരപാലക ശിൽപ പാളി, കട്ടിളപ്പാളി എന്നിവയുടെ സാമ്പിൾ ശേഖരിച്ചായിരുന്നു പരിശോധന. വിജയ് മല്യ പൂശിയ സ്വർണം പ്രതികൾ തട്ടിയെടുത്ത ശേഷം നേർത്ത തിരിയിൽ സ്വർണം പൂശി ദേവസ്വം ബോർഡിനെ തിരികെ ഏൽപിച്ചു. അയഡൈഡ് പ്രക്രിയവഴിയാണ്സ്വർണം വേർതിരിച്ചത്.

എന്നാൽ പി. എസ്. പ്രശാന്തിന്റെ ഭരണസമിതിയുടെ കാലത്ത് അറ്റകുറ്റപണിക്കായി ചെന്നൈയിൽ കൊണ്ടുപോയ പാളികളിൽ നിന്ന് സ്വർണം നഷ്ടപ്പെട്ടിട്ടില്ലെന്നും പരിശോധന ഫലത്തിലുണ്ട്. എട്ട് സാമ്പിൾ ജംഷഡ്പൂരിലെ ലാബിലേക്ക് അയച്ചിരുന്നു.

കൃത്യമായ അളവ് കണ്ടെത്തും

ത്യാശ്രയശ്രമമെന്ന്ഹൈക്കോടതിഉത്തരവിട്ടിരുന്നു. ഇടക്കിനാണ് സാമ്പിൾ അയച്ചത്.

സ്വർണക്കൊള്ള കേസിൽ നിർണായക കണ്ടെത്തലാണ് ശാസ്ത്രീയ പരിശോധന. ഇതനുസരിച്ച് നഷ്ടപ്പെട്ട സ്വർണത്തിന്റെ കൃത്യമായ അളവ് കണ്ടെത്താനുള്ള നീക്കത്തിലാണ് അന്വേഷണ സംഘം. ഇടർന്ന് കൃത്യതോ തയ്യാറാക്കേ.

പി.എസ്. പ്രശാന്തിന്റെ കാലത്ത് സ്വർണം നഷ്ടപ്പെട്ടിട്ടില്ലെങ്കിലും എല്ലാ പാളികളും പരിശോധിക്കേ. ഇതിനായി ക്ലൃതരൽ സാമ്പിൾ ശേഖരിക്കണം. ഇതിന് ഹൈക്കോടതിയുടെ അനുമതി തേടും. ഹെബ്ബുവരിയിൽസ്വർണ സാമ്പിളുകളിൽ അത്യധുനിക രീതിയിലുള്ള പരിശോധന അ

ഇ.ഡിക്കെതിരെ ആക്രമണം : പൊലീസുകാർക്ക് കമ്മിഷണറുടെ ശാസന

തിരുവനന്തപുരം: പ്രതിപക്ഷനേതാവ്പിണറായിവിജയന്റെവീട്ടിലെ റെയ്ഡിന് ശേഷം പുറത്തിറങ്ങിയ ഇ.ഡിഉദ്യോഗസ്ഥരെസി. പി.എം പ്രവർത്തകർ ആക്രമിച്ച സംഭവത്തിൽ പൊലീസ് ഉദ്യോഗസ്ഥർക്ക് തിരുവനന്തപുരം സിറ്റി പൊലീസ് കമ്മിഷണർ കെ. കാർത്തിക്കിന്റെ ശാസന. സ്ഥിതി നിയന്ത്രണാതീതമായിട്ടും എന്തുകൊണ്ട് ലാത്തിച്ചാർജ്ജ് നടത്തിയില്ലെന്ന്അദ്ദേഹം ചോദിച്ചു. വീടിനുമുന്നിൽ ഉണ്ടായിരുന്ന എസ്. ഐമാർ, സി. ഐമാർ, അസിസ്റ്റന്റ് കമ്മിഷണർ, ഡി.സി.പി എന്നിവരെ തിങ്കളാഴ്ച ഓഫീസിലേക്ക് വിളിച്ചുവരുത്തിയായിരുന്നു ശാസന. ലാത്തിച്ചാർജ്ജിന് ഉന്നത ഉദ്യോഗസ്ഥരുടെ നിർദ്ദേശം ലഭിച്ചില്ലെന്നായിരുന്നു മറുപടി. അപ്രതീക്ഷിതമായിരുന്നു ആക്രമണമെന്ന് ഡി.സി.പി യും മുഖ്യസ്ഥിതി കൈകാര്യം ചെയ്തു. ഇനി ഇങ്ങനെയൊരു സംഭവം ഉണ്ടാകാതിരിക്കാനാണ് നേരിട്ട് വിളിച്ച് പറയുന്നതെന്ന് കമ്മിഷണർ വ്യക്തമാക്കി. സംഭവദിവസം കമ്മിഷണർ അവധിയിലായിരുന്നു.

അന്വേഷണം കേസിലെ അന്വേഷണ ചുമതലകളിൽ നിന്ന് മാറ്റണമെന്നാവശ്യപ്പെട്ട് മുഖ്യസെക്രട്ടറിക്കും ഡി.ജി.പി യും മുഖ്യസ്ഥിതി കൈകാര്യം ചെയ്ത് ഡി.ജി.പി ഷേക്ക് ദർവേഷ് സാഹിബിനും ഇൻസ്പെക്ടറും പറഞ്ഞു. ഇനി ഇങ്ങനെയൊരു സംഭവം ഉണ്ടാകാതിരിക്കാനാണ് നേരിട്ട് വിളിച്ച് പറയുന്നതെന്ന് കമ്മിഷണർ വ്യക്തമാക്കി. സംഭവദിവസം കമ്മിഷണർ അവധിയിലായിരുന്നു.

റാഗിംഗ്നിയമ ദേഭഗതി വേഗത്തിലാക്കാൻ നിർദ്ദേശം

കൊച്ചി: റാഗിംഗിനിരോധനനിയമ ഭേദഗതി വൈകരുതെന്ന് ഹൈക്കോടതി നിർദ്ദേശിച്ചു. ഭേദഗതി പാസാക്കാൻ സ്വീകരിച്ച നടപടികളുടെ പുരോഗതി സർക്കാർ ഇന്നുച്ചയ്ക്കകം അറിയിക്കണമെന്ന്ചീഫ്ജസ്റ്റിസ് സൗമെൻ സെൻ, ജസ്റ്റിസ് സി. ജയചന്ദ്രൻ എന്നിവരടങ്ങിയ ഡിവിഷൻബെഞ്ചത്തരവിട്ടു.

പുതിയ ഫൊറൻസിക് ലാബ്: നിലപാട് അറിയിക്കണം

തിരുവനന്തപുരത്ത് സെൻട്രൽ ഫൊറൻസിക് ലാബ് (സി. എഫ്.എൽ) സ്ഥാപിക്കാൻത്വരിതമായി അനുമതി നൽകിയതായി കേന്ദ്രസർക്കാർ അറിയിച്ചു. ഇടർന്നടപടികൾ സംസ്ഥാന സർക്കാരാണ് സ്വീകരിക്കേണ്ടതെന്നും വിശദീകരിച്ചു. സ്വീകരിച്ച നടപടികൾ അറിയിക്കാൻ സംസ്ഥാന സർക്കാരിനോട് ഹൈക്കോടതി നിർദ്ദേശിച്ചു. വിചാരണക്കോടതികളിൽ മതമദ്ധ്യസ്ഥന്മാർക്കു സുകൾ കെട്ടിക്കിടക്കുന്ന സാഹചര്യത്തിൽ ഫൊറൻസിക് ലാബുകളിലെ ഒഴിവുകൾ നികത്തണമെന്ന്കേൾസ്യൂട്ടറെഫിഷിയിൽ കോടതി നിർദ്ദേശം നൽകിയിരുന്നു.

മലിനീകരണത്തിൽ നിന്ന് വൈദ്യുതി: കാര്യക്ഷമമെന്ന് ഉദ്യോഗസ്ഥർ, വൈദ്യുതി എവിടെയെന്ന് മന്ത്രി

തിരുവനന്തപുരം: പാലക്കാട്ടുള്ള വേസ്റ്റ് എനർജി പ്ലാന്റ് കാര്യക്ഷമമാണെന്നും കമ്മിഷന്റ് സജ്ജമാണെന്നും വിശദീകരിച്ച ഉദ്യോഗസ്ഥരോട് വൈദ്യുതി എവിടെയെന്ന് മന്ത്രി തിരിച്ചുചോദിച്ചപ്പോൾ ഉത്തരം മുട്ടി. ഇന്നലെ തദ്ദേശവകുപ്പിന്റെ ഉദ്യോഗസ്ഥതല യോഗത്തിലായിരുന്നു സംഭവം.

മന്ത്രിക്കെതിരെ ആക്രമണമെന്ന് ഉദ്യോഗസ്ഥർ മുൻകൂട്ടി പ്രചരിത്തനം വിശദീകരിച്ചത്. എന്തുവൈദ്യുതിഉത്പാദിപ്പിക്കാനാണെന്നായിരുന്നു മന്ത്രിയുടെ ചോദ്യം. അതിനുള്ള അത്യുയർന്ന വേസ്റ്റ് ലഭിക്കുന്നില്ലെന്നായി ഉദ്യോഗസ്ഥർ. അങ്ങനെയെങ്കിൽ മലപ്പുറത്തെ മാലിന്യം ശ്രമിച്ചു വിടേക്ക് എത്തിക്കാമെന്നായി മന്ത്രി. ഇനിമേലുള്ള അത്യുയർന്ന ശേഷിപ്ലാന്റിന്റെപ്രവർത്തനക്കുറിച്ചു മറിഞ്ഞു. ഇന്നലെ തിരുവനന്തപുരം മാസ്റ്റേറ്റ് ഹോട്ടലിൽ നടന്ന യോഗത്തിലാണ് മന്ത്രി സംശയം ഉന്നയിച്ചത്. മറ്റുസംസ്ഥാനങ്ങളിൽ ഈ പദ്ധതി നടപ്പാക്കുമ്പോൾ ഇവയെല്ലാം അദ്ദേഹം പറഞ്ഞു. കിലയിലെ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡമിനിസ്ട്രേഷൻ) പ്രവർത്തനം വിശദീകരിക്കവെ, അവിടെനൽകുന്ന പരിശീലന കോഴ്സുകൾ വിജയകരമാണെന്ന്ഉദ്യോഗസ്ഥർപരാമർശിച്ചു കോഴ്സുകൾകാലാനുസൃതമാണെന്നുകൂടി മന്ത്രിയോട് പറഞ്ഞു. തദ്ദേശവകുപ്പിന്റെ ഡയറക്ടറേറ്റ്, കില, ഐ.കെ.എം ഇടങ്ങിയ വിവിധ ഓഫീസുകളിലെ ഉദ്യോഗസ്ഥരാണ് പങ്കെടുത്തത്. മോഹൻലാൽ ചിത്രമായ ദൃശ്യം-3യിൽ അനവാദമില്ലാതെ തന്റെ വാഹന നമ്പർ ഉപയോഗിച്ചന്ന് ഉടമയുടെ പരാതി. ഇടുക്കി, കങ്ങഴത്തുണ്ണി രണ്ടുമാക്കൽ ആർ.ഡി. രാജീവാണ് നിർമ്മാതാവ് ആന്റണി പെരുമ്പാവൂർ, സംവിധായകൻ ജിത്തുജോസഫ്, മോഹൻലാൽ എന്നിവർക്കെതിരെയുമാണ് ഹർജി. മോഹൻലാൽ ഉപയോഗിച്ച എം. ജി ഹെക്ടർ കാറിന് കെ. എൽ. 69 ഡി 2772 നമ്പരാണുള്ളത്. ഇത് തന്റെ മഹിന്ദ്ര സ്കോർപിയോയുടേത് ആണെന്നാണ് പരാതി. സിനിമ ഇറങ്ങിയതോടെ നമ്പറിന്ദുരുപയോഗപ്പെടുത്തിയാണ് ആരോപിക്കുന്നതായും പരാതിയിലുണ്ട്.

ഒമാൻ തീരത്ത് കപ്പൽ ആക്രമിച്ച് യു.എസ്

■ 3 ഇന്ത്യക്കാരെ കാണാതായി ■ 21 പേരെ രക്ഷപെടുത്തി

■ ഭീഷണിയുമായി ട്രംപ്

■ ഗൾഫ്രാജ്യങ്ങൾക്ക് ഇറാന്റെ മുന്നറിയിപ്പ്



"ചർച്ചയിൽ തീരുമാനമെടുക്കണത് ഇനിയും ഇറാൻ നീട്ടിയാൽ വലിയ വിലനൽകേണ്ടി വരും. ഖുർത്തൽ സൈനിക നടപടിയുണ്ടാകും.

ഡൊണാൾഡ്ട്രംപ്
യു.എസ് പ്രസിഡന്റ്

"യു. എസിന്റെയും ഇസ്രയേലിന്റെയും ആക്രമണം തടയാൻ ഗൾഫ് മേഖലയിലെ അയൽരാജ്യങ്ങൾക്ക് നിയന്ത്രപരവും ധാർമ്മികവുമായ ഉത്തരവാദിത്വമുണ്ട്.

ഇറാൻ വിദേശകാര്യമന്ത്രാലയം

മസ്കറ്റ്: പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമാകുന്നതിനിടെ ഒമാൻ തീരത്ത് യു.എസ് നടത്തിയ വ്യാമാക്രമണത്തിൽ എണ്ണക്കപ്പലിന് നീങ്ങിക്കൂടി. മൂന്ന് ഇന്ത്യൻ നാവികരെ കാണാതായി. 21 പേരെ രക്ഷപെടുത്തിയെന്നും തെരച്ചിൽ തുടരുകയാണെന്നും ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം അറിയിച്ചു. യു.എ.ഇ ആസ്ഥാനമായുള്ള ഐ.ഒ.സി.എമ്മിന്റെ കമ്പനിയുടെഉടമസ്ഥതയിലുള്ള കപ്പലിലാണ് 28 ജീവനക്കാരിൽ 24 പേരും ഇന്ത്യക്കാരാണ്.

ഒമാനിലെ സോഹാർ തീരത്ത് നിന്ന് 20 നോട്ടിക്കൽ മൈൽ അകലെ പലാവൂ പതാകയുള്ള കപ്പൽ ഗതാഗതം തടയാനായി ഒമാൻ ഉൾക്കടലിൽ യു. എസ് ഏർപ്പെടുത്തിയ ഉപരോധത്തിന്റെ ഭാഗമായാണ് ഈ ആക്രമണമെന്നാണ് റിപ്പോർട്ട്. ഹോർമുസ് കടലിടുക്കിലൂടെ കടന്നുപോയ യു. എസ് നൈസിൻകപ്പലിനെ ഹോർമർ കടലിടുക്കിലൂടെ ഇറാൻ വ്യോമപ്രതിരോധ കേന്ദ്രങ്ങൾക്ക് നേരെ അതിരൂക്ഷ ശക്തമായ തിരിച്ചടി നൽകിയതിന് തൊട്ടുപിന്നാലെയാണിത്.

യുദ്ധസമാനമായ സാഹചര്യം നിലനിൽക്കുന്നതിനാൽ ഹോർമുസ് കടലിടുക്കിലൂടെയുള്ള കപ്പൽ ഗതാഗതം സുരക്ഷിതമല്ലെന്ന് രാജ്യാന്തര ഷിപ്പിംഗ്ഫെഡറേഷനായ ഐ.എം.ഒ മുന്നറിയിപ്പ് നൽകി. അതിനിടെ, ഇറാനെതിരെ വീണ്ടും ഭീഷണിയുമായി യു.എസ് പ്രസിഡന്റ്ഡൊണാൾഡ്ട്രംപ്രംഗത്തെത്തി. യു.എസ്സായി സ്ഥാധാനകാരിൽ എത്തിച്ചോൻ വൈകുന്നതിനെ ഇടർന്നാണിത്. ഇറാനിലെ ഊർജ്ജമന്ത്രിയങ്ങൾ, പാലങ്ങൾ ഉടങ്ങിയവ ആക്രമിക്കാൻ ട്രംപ് ഉടൻ ഉത്തരവ് ഇട്ടമെന്നാണ് വിവരം.

കെ.പി.ബി ചെയർമാൻ ടി.ഒ.ഫിലിപ്പ് നിര്യാതനായി

ടി.ഒ. ഫിലിപ്പ്

കോട്ടയം: സംസ്ഥാനത്തെ ആദ്യത്തെ ഐ.എൻ.എസ് അക്കൗഡിറ്റഡ് അസ്വർട്ടൈസിംഗ് ഏജൻസിയായ കേരളാ പബ്ലിസിറ്റി ബ്യൂറോ (കെ.പി.ബി) യുടെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ തട്ടാനിയത്ത്ടി.ഒ. ഫിലിപ്(86) നിര്യാതനായി.

ക്നാനായ യുവജനസമാജം, ഇ.എം. ഫിലിപ്ഹൗണ്ടേഷൻഎന്നിവയുടെ ജനറൽ സെക്രട്ടറി, ക്നാനായ സോഷ്യൽ ഫോറം ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ് മാർ സേവേറിയോസ് എപ്പിസ്കോപ്പ ട്രസ്റ്റ് എക്സിക്യൂട്ടീവ് ട്രസ്റ്റി, ക്നാനായ അസോസിയേഷൻ അംഗം, ക്നാനായ ദീപം, ക്ലീമിസ് ഫണ്ട് എന്നി സംഘടനകളുടെ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ, കോട്ടയം വലിയപള്ളി ട്രസ്റ്റി, കോട്ടയം വൈസ് മെൻസ് ക്লബ് പ്രസിഡന്റ്, ലെഫ്റ്റനന്റ്റിജിയണൽ ഡിയറാക്ടർ, കോട്ടയം സോർത്ത് റോട്ടറി ക്লബ് പ്രസിഡന്റ്, രാമമംഗലം വൈ.എം.സി.എ പ്രസിഡന്റ്, ടി.വി. റേഡിയോ അഡ്വർട്ടൈസിംഗ് ഏജൻസീസ് അസോസിയേഷൻ ഒഫ് കേരള പ്രസിഡന്റ്, കേരളാ അഡ്വർട്ടൈസിംഗ് ഏജൻസീസ്അസോസിയേഷൻകോട്ടയം സ്ഥാപകപ്രസിഡന്റ്എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു.

ഭാര്യ: രാജമ്മ ഫിലിപ് കുമരകം കൊച്ചുങ്ങര എഴുപതിൽ കുടുംബാംഗം. മക്കൾ: ജെയ്സൺ ഫിലിപ്, ജെബിസൺ ഫിലിപ്, അഡ്വ. ജിബി ഫിലിപ്. മരുമക്കൾ: സിബാ ജെയ്സൺ അറയ്ക്കൽ (കറിച്ചി), നീമ്മ ജെബിസൺ വഞ്ചിക്കനമ്പിൽ (ആലപ്പുഴ), അഡ്വ. ഹെന്ന സൂറിയ ഇടവഴിക്കൽ (കോട്ടയം). മൃതദേഹം ഇന്ന്വൈകിട്ട് 5 ന് എസ്.എച്ച്മൗണ്ടിലുള്ള വസതിയിൽ കൊണ്ടുവരും. സംസ്കാരം നാളെ രാവിലെ 11 ന് ഭവനത്തിലെ ശ്രദ്ധേശുകൾക്ക് ശേഷം 12 ന് കോട്ടയം താഴത്തങ്ങാടി സെന്റ് മേരീസ് ക്നാനായ വലിയ പള്ളിയിൽ.

ശബരിമലകവർച്ച: കടകംപള്ളിയുടെ ഹർജി തള്ളി

തിരുവനന്തപുരം: ശബരിമല സ്വർണ്ണക്കവർച്ചയുമായി ബന്ധപ്പെട്ട കോടതി വാർത്തകളിൽ നിയന്ത്രണം വേണമെന്ന മുൻ മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ ആവശ്യം കോടതിതള്ളി. മുഖ്യമന്ത്രി വി. ഡി. സതീശനെതിരായ മാനനഷ്ട കേസിലെ കടകംപള്ളിയുടെ ഉപഹർജിയാണ് തള്ളിയത്. മാനനഷ്ടക്കേസിനെസംബന്ധിക്കുന്നകോടതി വാർത്തകളിൽ കർശന നിയന്ത്രണം വേണമെന്നായിരുന്നു കടകംപള്ളിയുടെ ആവശ്യം. കൈരളി യിലും ദേശാഭിമാനിയിലും സമാന രീതിയിൽതെറ്റായവാർത്തകൾവരുന്നത് തടയണമെന്നാവശ്യപ്പെട്ട് വി.ഡി. സതീശനും ഉപഹർജി ഫയൽചെയ്തിരുന്നു. സതീശന്റെഹർജിയിൽഇളവുനൽകാൻതീരുമാനമായിട്ടില്ല. ഇതോടൊപ്പം കടകംപള്ളി നൽകിയഅപകീർത്തികേസ് ഇടതം. വി.ഡി. സതീശനെതിരെ പത്ത്ലക്ഷം രൂപനഷ്ടപരിഹാരം ആവശ്യപ്പെട്ടാണ് കടകംപള്ളി ഹർജിഫയൽചെയ്തത്. ശബരിമല സ്വർണ്ണപ്പാളി കവർച്ചയുമായി ബന്ധപ്പെട്ടത് തനിക്കെതിരെ അപകീർത്തികരമായ പ്രസ്താവന നടത്തിയ വി.ഡി. സതീശൻ പരസ്യമായി മാപ്പ് പറയണമെന്നും സമാനമായ പ്രസ്താവനകൾആവർത്തിക്കില്ലെന്ന്ഉറപ്പുനൽകണമെന്നുമായിരുന്നു ഹർജിയിലെ ആവശ്യം.

പരാതികളിൽ കഴമ്പില്ലെന്ന് പൊലീസ് അൻസിബ vs ലക്ഷ്മിപ്രിയ കേസുകൾക്ക് "എൻഡ്"

കൊച്ചി: നടിലക്ഷ്മിപ്രിയയ്ക്കും തൃപ്പൂണിത്തുറ വനിതാ സെല്ലിലെ എസ്. ഐ രേഷ്മയ്ക്കെതിരെ നടി അൻസിബ നൽകിയ പരാതിയിൽ കഴമ്പില്ലെന്ന് പൊലീസ് റിപ്പോർട്ട് അൻസിബയോട് എസ്. ഐ വിവരം ചോദിച്ചറിഞ്ഞെന്നും മോശമായി പെരുമാറിയിട്ടില്ലെന്നമാണ് റിപ്പോർട്ടിൽ പറയുന്നത്. കേസ് അവസാനിപ്പിക്കുകയാണെന്നും തൃക്കാക്കര എ.സി.പി കൊച്ചി സിറ്റി പൊലീസ് കമ്മിഷണർക്ക് കൈമാറിയ റിപ്പോർട്ടിൽ പറയുന്നു. അൻസിബയ്ക്കെതിരെലക്ഷ്മിപ്രിയ നൽകിയ പരാതിയിലും വസ്തുതയില്ല. എസ്. ഐ ഉൾപ്പെടെ മൂവരുടെയും സ്റ്റേഷനിലുണ്ടായിരുന്ന പൊലീസുകാരുടെയും മൊഴി രേഖപ്പെടുത്തി. ഒരു മണിമുള്ള് 17 മിനിറ്റ് 20 സെക്കൻഡാണ് അൻസിബ മുതുപ്പണിത്തുറവനിതാസെല്ലിൽഉണ്ടായിരുന്നത്. വ്യാജപരാതിയുടെ മറവിൽ എസ്. ഐ രേഷ്മയുടെ ലക്ഷ്മിപ്രിയയും മാനസികമായി പീഡിപ്പിച്ചെന്നും എസ്. ഐ സ്റ്റേഷനിൽ തടഞ്ഞുവെച്ചെന്നുമായിരുന്നു അൻസിബയുടെപരാതി. ഫോണിലേക്ക്അൻസിബ അയച്ച സന്ദേശം കുടുംബജീവിതത്തെബാധിക്കുന്നതെന്ന് ലാണ് പരാ